**ഭരണഭാഷ – മാതൃഭാഷ**

നമ്പർ. കെ.ഐ.ഒ. 145/2025(5)

ജില്ലാ ഇൻഫർമേഷൻ ഓഫീസ്
കോട്ടയം. ഫോൺ: 0481 – 2562558
ഇ–മെയിൽ: prdktym@gmail.com
തീയതി: 03.04.2025

## ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2025 ഏപ്രിൽ 25 മുതൽ മേയ് 1 വരെ കോട്ടയം നാഗമ്പടം മൈതാനത്ത് നടക്കുന്ന 'എന്റെ കേരളം' പ്രദർശന – വിപണന മേള, 2025 ഏപ്രിൽ 29ന് ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗം എന്നിവയുടെ പ്രചാരണത്തിന്റെ ഭാഗമായി പ്രചാരണ ബോർഡുകൾ/സ്റ്റിക്കർ താഴെ കൊടുത്തിരിക്കുന്ന ഇനവിവര പ്രകാരം തയ്യാറാക്കി സ്ഥാപിക്കുന്നതിനും പരിപാടി കാലയളവിന് ശേഷം നീക്കം ചെയ്യുന്നതിനും വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു.

| ക്രമ നം. | ഇന വിവരം | അളവ് (സൈസ്) | എണ്ണം |
|---|---|---|---|
| 1. | പരിസ്ഥിതിസൗഹൃദ കൊറുഗേറ്റഡ് പ്രചാരണ ബോർഡ് (Eco Friendly Corrugated Display Boards) – ഫൈവ് പ്ലേ, ഡബിൾ സൈഡ് ലാമിനേഷൻ | 113 CM (H) x 84 CM (W) | 175 |
| 2. | പരിസ്ഥിതിസൗഹൃദ കൊറുഗേറ്റഡ് പ്രചാരണ ബോർഡ് (Eco Friendly Corrugated Display Boards) – ഫൈവ് പ്ലേ, ഡബിൾ സൈഡ് ലാമിനേഷൻ | 84 CM Round Circle | 175 |
| 3. | ഓട്ടോറിക്ഷകളിൽ പതിക്കുന്ന സ്റ്റിക്കർ | 25 CM (H) x 75 CM (W) | 175 |

മേൽ ഇനവിവര പ്രകാരം പ്രചാരണ ബോർഡുകൾ/ സ്റ്റിക്കർ തയാറാക്കി കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും പിന്നീട് പ്രചാരണകാലയളവിന് ശേഷം നീക്കുകയും ചെയ്യുന്നതിന് ചെലവാകുന്ന ജി.എസ്.ടി./എല്ലാ ചെലവുകളും നികുതികളും അടക്കമുള്ള മൊത്തം തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്ന് നൽകുന്ന വിവരങ്ങൾ/ചിത്രങ്ങൾ ഉപയോഗിച്ച് ഡിസൈൻ ചെയ്ത്, പ്രചാരണ ബോർഡുകൾ മികച്ച ഗുണനിലവാരത്തിൽ തയാറാക്കി നിയമപരമായി സ്ഥാപിക്കുകയും പരിപാടി കാലയളവിന് ശേഷം പ്രവൃത്തി ക്വട്ടേഷൻ നേടുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ സ്വന്തം ചെലവിൽ പ്രചാരണ ബോർഡുകൾ നീക്കുകയും ചെയ്യണം.

ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാണ് പ്രചാരണ സാമഗ്രികൾ തയ്യാറാക്കേണ്ടത്. നിരോധിത പ്ലാസ്റ്റിക്, ഇതര നിരോധിത സാമഗ്രികൾ ഉപയോഗിച്ച് ബോർഡ് നിർമിക്കാൻ പാടുള്ളതല്ല. വെ

യിൽ/മഴ എന്നിവ ഏറ്റാൽ പെട്ടെന്ന് (20 ദിവസത്തിനുള്ളിൽ) നശിച്ചു പോകുന്നവയായിരിക്കരുത് പ്രചാരണ ബോർഡ്. ഇങ്ങനെ സംഭവിച്ചാൽ പ്രസ്തുത ബോർഡുകളുടെ തുക കുറവു ചെയ്യാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ക്വട്ടേഷൻ തുകയിൽനിന്ന് നിയമാനുസൃത ആദായനികുതി കിഴിവുചെയ്യുന്നതാണ്. ക്വട്ടേഷൻ എടുക്കുന്ന സ്ഥാപനം/വ്യക്തിക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള പാൻ കാർഡ് നിർബന്ധമാണ്. ഇല്ലെങ്കിൽ നിയമാനുസൃതമായ ശതമാനം ആദായനികുതി ഈടാക്കുന്നതാണ്. ജി.എസ്.ടി. ബാധകമല്ലാത്തവർ സാക്ഷ്യപത്രം നൽകണം. പൊതുസ്ഥലമടക്കം നിരോധിത സ്ഥലങ്ങളിൽ ബോർഡുകൾ, സ്റ്റിക്കറുകൾ സ്ഥാപിക്കരുത്. പൊതുസ്ഥലങ്ങളല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുകയാണെങ്കിൽ നിയമാനുസൃതമായ അനുമതി വാങ്ങിയിരിക്കണം. മേൽ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതിന്റെ പൂർണ ഉത്തരവാദിത്തം ക്വട്ടേഷൻ എടുത്ത വ്യക്തി/സ്ഥാപനത്തിനായിരിക്കും. സ്ഥാപിച്ച ബോർഡുകളുടെ, സ്റ്റിക്കറുകളുടെ സ്ഥലം വ്യക്തമാക്കുന്ന നിലയിലുള്ള ഫോട്ടോകൾ ബില്ലിനൊപ്പം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കണം. അല്ലാത്തപക്ഷം ബിൽ തുക മാറിനൽകുന്നതല്ല.

ക്വട്ടേഷൻ അംഗീകരിക്കാനും നിരസിക്കാനും ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്ത പക്ഷം ക്വട്ടേഷൻ അംഗീകരിച്ച് ലഭിച്ച വ്യക്തിക്കെതിരേ നിയമനടപടി സ്വീകരിക്കാനുമുള്ള എല്ലാവിധ അധികാരവും കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. തർക്കം, കോടതിവ്യവഹാരങ്ങളുണ്ടായാൽ കോട്ടയം ജില്ലയായിരിക്കും അധികാരപരിധി.

ക്വട്ടേഷനുകൾ 2025 ഏപ്രിൽ 11 ന് ഉച്ചകഴിഞ്ഞ് 1.00 വരെ സ്വീകരിക്കും.

ക്വട്ടേഷനുകൾ 2025 ഏപ്രിൽ 11 ന് ഉച്ചകഴിഞ്ഞ് 3.00 ന് തുറക്കും.

ക്വട്ടേഷൻ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

അരുൺ കുമാർ എ.
(പെൻ നം. 673197)
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കോട്ടയം

1. പ്രസ് റീലീസ്
2. നോട്ടീസ് ബോർഡ്
3. കരുതൽ ഫയൽ
4. ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ, ഐ.& പി.ആർ.ഡി. ഡയറക്ടറേറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)